# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6841 10.07.2014 - ൽ മറുപടിക്ക്

## നാട്ടിക നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണ സംവിധാനത്തിന്റെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നാട്ടിക നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണസംവിധാനം നവീകരിക്കുന്നതിനു സമർപ്പിച്ച പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കുമോ ; | (എ) നാട്ടിക നിയോജക മണ്ഡലത്തിലെ നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇറക്കൽ, കാട്ടൂർ, പൊഞ്ഞനം റോഡിൽ 4.2 കി.മീറ്റർ നീളത്തിൽ 700 എം.എം. പ്രിമോ പൈപ്പ് മാറ്റി 700 എം.എം.ഡി.ഐ.കെ.-9 ഇടുന്നതിനു വേണ്ടിയുള്ള 7.23 കോടി രൂപയുടെ ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്മേൽ കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ച് വരുന്നു.<br><br>നാട്ടിക, ഫിർക്ക കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണം വഴി തളിക്കുളം പഞ്ചായത്തിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള 27 കോടി രൂപയുടെ പ്രൊപ്പോസൽ എസ്.എൽ.എസ്.എസ്.സി.യുടെ പരിഗണനയിലാണ്. |
| (ബി) കുടിവെള്ള പൈപ്പ്ലൈൻ നവീകരണത്തിന ആവശ്യമായ ഫണ്ട് അനുവദിക്കുമോ എന്നറിയിക്കുമോ ; | (ബി) പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റിയിടുന്നതിനായി 2014-15 സംസ്ഥാന ബഡ്ജറ്റിൽ 95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ? | (സി) | ഭരണാനുമതി കിട്ടുന്ന മുറക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ